**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 278** **23-01-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ കട ഉടമകൾക്ക് ലഭിക്കാനുള്ള കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടയുടമകൾക്ക് ഇനി നൽകാനുള്ള 50% കിറ്റ് കമ്മീഷൻ തുക സമയബന്ധിതമായി വിതരണം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | കോവിഡ് -19 മഹാമാരികാലത്ത് റേഷൻ കടകളിലൂടെ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം നടത്തിയതിന് കമ്മീഷൻ അനുവദിക്കുന്നതിനായി ബഹു. കോടതിയെ സമീപിച്ച അംഗീകൃത റീട്ടെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സിന് മാത്രമായി കമ്മീഷൻ ഇനത്തിൽ Rs. 39,79,86,180/- ആണ് നല്കേണ്ടിയിരുന്നത്. അതിൽ ആദ്യ ഗഡുവായി 50% തുക വിതരണം ചെയ്യുന്നതിനായി 07/09/2024 ലെ സ.ഉ(കൈ) നം. 14/2024/ഭപൊവിവ പ്രകാരം അനുവദിച്ച 17,22,43,000/- രൂപ വിതരണം ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള 50% തുക 05.11.2024, 18.01.2025 എന്നീ തിയതികളിൽ 8,61,22,000/- രൂപ, 13,96,22,000/- രൂപ എന്നീ ക്രമത്തിൽ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ